എൻ.ആർ.എച്ച്.എം. മുഖേന സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയോടനുബന്ധിച്ച് ഒരു മൊബൈൽ ദന്തൽ യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) 4 ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ആലപ്പുഴ-തൃശ്ശൂർ മെഡിക്കൽ കോളേജുകൾക്ക് അനുബന്ധമായി പുതിയ സർക്കാർ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ ആലപ്പുഴയിൽ പുതിയ ഡെന്റൽ കോളേജ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പുതിയ ചികിത്സ/ടെസ്റ്റ് യന്ത്രങ്ങൾ

107 (4393) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം വാങ്ങിയ പുതിയ ചികിത്സ/ടെസ്റ്റ് യന്ത്രങ്ങൾ ഏതൊക്കെയാണ്;

(ബി) അവ ഓരോന്നും വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രികളിലേയ്ക്ക് വാങ്ങി നൽകിയ ചികിത്സ/ടെസ്റ്റ് യന്ത്രങ്ങളുടെയും അവ ഓരോന്നും വാങ്ങുന്നതിന് ചെലവഴിച്ച തുക സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

പുരുഷ നഴ്സുമാർക്ക് നിയമനം

108(4394) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ പുരുഷ നഴ്സുമാരുടെ നിയമനത്തിനായി ആകെ നഴ്സുമാർക്ക് ഇത്ര ശതമാനം എന്ന തോതിൽ കൃത്യ ഏർപ്പെടുത്തുമോ; ഇതിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ പുരുഷ വിദ്യാർത്ഥികൾക്കായി നഴ്സിംഗ് കോളേജുകളിൽ എത്ര സീറ്റുകൾ നീക്കിവയ്ക്കാറുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly